**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3016** **10-03-2025 - ൽ മറുപടിയ്ക്ക്**

**കുത്തകകളുടെ സമുദ്രാധിപത്യത്തിൽ മത്സ്യമേഖലയിലെ ആശങ്ക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീമതി കാനത്തിൽ ജമീല | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2002-ൽ കടലിൽ നിന്നുള്ള ധാതു സമ്പത്തുകളുടെ വികസനവും നിയന്ത്രണവും നിയമം/ഓഫ്ഷോർ ഏരിയ മിനറൽ ഡെവലപ്പ്മെന്റ് ആൻഡ് റെഗുലേഷൻ (ഒ.എ.എം.ഡി.ആർ.) ആക്ട് 2002-ന് 2023-ലെ ഭേദഗതിയിലൂടെ വരുത്തിയ പ്രധാന മാറ്റങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | 2002-ലെ ഓഫ്ഷോർ ഏരിയാസ് മിനറൽ (ഡെവലപ്പ്മെന്റ് ആൻഡ് റെഗുലേഷൻ) (ഒ.എ.എം.ഡി.ആർ.) ആക്ട് 2023-ൽ വരുത്തിയ ഭേദഗതിയിലൂടെ സ്വകാര്യ മേഖലയ്ക്കും ഓഫ്ഷോർ ഖനന മേഖലയിൽ പങ്കാളിത്തം നൽകിയിട്ടുണ്ട്. മുൻകാലങ്ങളിൽ, ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ, ഇന്ത്യൻ ബ്യൂറോ ഓഫ് മൈൻസ്, ആറ്റോമിക് മിനറൽ ഡയറക്ടറേറ്റ് തുടങ്ങിയ കേന്ദ്ര സർക്കാർ ഏജൻസികളുടെ മേൽനോട്ടത്തിലാണ് ഓഫ്ഷോർ പര്യവേക്ഷണവും ഖനനവും നടത്തിയിരുന്നത്. കൂടാതെ, നിയമത്തിലെ സെക്ഷൻ 12(9) ഉം 13(3) ഉം പ്രകാരം ധാതു ബ്ലോക്കുകൾ വിജയകരമായി ലേലം കൊള്ളുന്നവർക്കു 50 വർഷത്തേക്ക് പര്യവേഷണത്തിൽ നിന്നും ലീസ് സമ്പാദിക്കാവുന്ന തരത്തിലുള്ള സംയുക്ത ലൈസൻസ് നൽകുന്നതിനെ വിഭാവനം ചെയ്യുന്നു. അതായത് വളരെ പ്രിലിമിനറി ആയിട്ടുള്ള നിരീക്ഷണ (ജി4 ലെവൽ എക്സ്പ്ലോറേഷൻ) ത്തിന്റെ അടിസ്ഥാനത്തിൽ പോലും സംയുക്ത ലൈസൻസ് നേടുവാൻ സാധിക്കും. കൂടാതെ, ഓഫ്ഷോർ ഖനനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് ലാഭേച്ഛയില്ലാത്ത ഒരു ഓഫ്ഷോർ ഏരിയാസ് മിനറൽ ട്രസ്റ്റ് സ്ഥാപിക്കുന്നതിന് സെക്ഷൻ 16എ പുതുതായി അവതരിപ്പിച്ചിട്ടുണ്ട്. എന്നാൽ ട്രസ്റ്റിന്റെ ഭരണസമിതിയിലോ എക്സിക്യൂട്ടീവ് കമ്മിറ്റിയിലോ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിൽ സംസ്ഥാനത്തിന്റെ പങ്കാളിത്തത്തെക്കുറിച്ച് ഒരു പരാമർശം പോലും ഇല്ല എന്നതിനാൽ ഏകദിശാ നയങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനും |

| | | | |
|---|---|---|---|
| | | | കേന്ദ്ര സർക്കാരിന്റെ പ്രതിനിധികൾക്ക് മാത്രമേ ട്രസ്റ്റിൽ പങ്കാളിത്തമുണ്ടാകുകയുള്ളൂ എന്നും കാണുന്നു. |
| (ബി) | സ്വകാര്യ വ്യക്തികളും, ബഹുരാഷ്ട്ര കുത്തക കമ്പനികളും കടലിൽ ആധിപത്യം സ്ഥാപിക്കുമ്പോൾ മത്സ്യത്തൊഴിലാളികളുടെ ആശങ്ക പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | കേരളത്തിന്റെ ലക്ഷക്കണക്കിന് വരുന്ന മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും കനത്ത തിരിച്ചടിയാകുന്ന ഒരു പ്രവർത്തനമായി കടലിലെ ഖനനം മാറും എന്നതിൽ രണ്ട് അഭിപ്രായമില്ല. കടൽ ഖനനമേഖലയിലേയ്ക്ക് കടന്നുവരുന്നത് തീർച്ചയായും വൻകിട കുത്തക കമ്പനികളായിരിക്കും വൻകിട കമ്പനികളുടെ ലാഭത്തിനായി പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ജീവസന്ധാരണ മാർഗ്ഗവും സാധാരണ ജനങ്ങളുടെ പോഷക സ്രോതസ്സും ഇല്ലാതാക്കുന്നത് തീരപ്രദേശത്ത് അരക്ഷിതാവസ്ഥയ്ക്ക് കാരണമാവും എന്ന കാര്യത്തിൽ സംശയമില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് സംസ്ഥാനത്തിന്റെയും മത്സ്യത്തൊഴിലാളി സമൂഹത്തിന്റെയും ആശങ്കകൾ ഫിഷറീസ് വകുപ്പ് കൃത്യമായി രേഖാമൂലം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.<br><br>2002 ലെ ഓഫ് ഷോർ ഏരിയാസ് മിനറൽ (ഡവലപ്മെന്റ് ആൻഡ് റെഗുലേഷൻ) ആക്റ്റിലെ മാനദണ്ഡങ്ങളും വ്യവസ്ഥകളും അവയിൽ 2023ൽ വരുത്തിയ ഭേദഗതികളും സംസ്ഥാനങ്ങളുടെ താത്പര്യങ്ങൾ പൂർണ്ണമായും കണക്കിലെടുക്കുന്ന വിധത്തിലല്ല. ധാതു സമ്പത്തിന്റെ ഖനനത്തിലൂടെ ലഭിക്കുന്ന റോയൽറ്റി പൂർണ്ണമായും കേന്ദ്ര സർക്കാരിന് ഉള്ളതാണ്. (സെക്ഷൻ 16) മാത്രമല്ല 2023 ലെ ഭേദഗതിയിലൂടെ (സെക്ഷൻ 5) സ്വകാര്യമേഖലയ്ക്ക് കൂടി ഖനനമേഖലയിൽ പങ്കാളിത്തം നൽകപ്പെട്ടിട്ടുള്ളതാണ്. ആക്റ്റിലെ പോരായ്മയും പരിമിതികളും പരിശോധിച്ച് ആക്റ്റിന്റെ ഭേദഗതിയുമായി ബന്ധപ്പെട്ടുള്ള അഭിപ്രായ സ്വരൂപണ വേളയിൽ സംസ്ഥാനത്തിന്റെ വിയോജിപ്പ് കേന്ദ്രത്തെ അറിയിച്ചിട്ടുള്ളതാണ്. ഓഫ്ഷോർ ധാതുക്കളുടെ ഖനനവുമായി ബന്ധപ്പെട്ടുള്ള ആക്റ്റിന്റെ ഭേദഗതിയിൽ പാരിസ്ഥിതികമായ ഘടകത്തെ പരിഗണിക്കുന്നില്ല. ടി വിഷയവുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ 11-01-2025 തീയതിയിൽ കൊച്ചി റിനായ് ഹോട്ടലിൽ വെച്ച് നടത്തിയ റോഡ് ഷോയിൽ കേന്ദ്ര മൈൻസ് സെക്രട്ടറി ശ്രീ കാന്തറാവു ഐ. എ. എസ്. മുൻപാകെ സംസ്ഥാന വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അവതരിപ്പിക്കുകയും സംസ്ഥാനത്തിന്റെ നയപരമായ നിലപാടും നിലവിലെ ആശങ്കയും അറിയിക്കുകയും ഓഫ്ഷോർ മിനറൽ ഡ്രെഡ്ജിംഗ് ഉയർത്താവുന്ന വിവിധ പാരിസ്ഥിതികവും സാമൂഹികവുമായ വിഷയങ്ങൾ അറിയിച്ചിട്ടുമുണ്ട്. സംസ്ഥാനത്തിന്റെ |

ആവശ്യം 2025 ജനുവരി 19 ന് ഒറീസ്സയിലെ ഭുവനേശ്വറിൽ നടന്ന അറുപത്തിനാലാമത് സെൻട്രൽ ജിയോളജിക്കൽ പ്രോഗ്രാമിംഗ് ബോർഡിൽ ചർച്ചയ്ക്ക് വരികയും തുടർന്ന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രഫി എന്ന സ്ഥാപനത്തോട് ഓഫ്ഷോർ മൈനിംഗ് സംബന്ധിച്ച പാരിസ്ഥിതിക വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കേന്ദ്ര ഖനി വകുപ്പ് സെക്രട്ടറി നിർദേശിക്കുകയും ചെയ്തിട്ടുണ്ട്.

കടൽ ഖനനത്തിനും മറ്റുമായി തീരക്കടലിൽ എത്തുന്ന നിരവധി കപ്പലുകൾ / ബോട്ടുകൾ എന്നിവ മത്സ്യബന്ധനത്തിന് അസൗകര്യം സൃഷ്ടിയ്ക്കുകയും തീരക്കടലിൽ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളികളുടെയും അവരുടെ യാനങ്ങളുടെയും സുരക്ഷയെ നേരിട്ട് ബാധിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ തൊഴിലിടങ്ങൾ നഷ്ടപ്പെടുത്തുന്നതിനും ഹേതുവാകും. ധാതു ഖനനം കടലിന്റെ അടിത്തട്ടിൽ അടിഞ്ഞുകൂടിയ വിഷവാതകങ്ങളെ സ്വതന്ത്രമാക്കുന്നതിന് ഇടയാക്കുന്നു. ഇത് കടൽ ജലത്തിന്റെ മലിനീകരണത്തിനും അതുമൂലം മത്സ്യങ്ങൾ ഉൾപ്പെടെയുള്ള ജീവജാലങ്ങളുടെ വ്യാപകമായ നാശത്തിനും കാരണമാകും. കടലിന്റെ അടിത്തട്ടിലെ ധാതുഖനനം കടൽ ജലം കലങ്ങുന്നതിന് കാരണമാകുന്നു. ഇത് കടലിലെ പ്രകാശിത മേഖലയുടെ ശോഷണത്തിന് കാരണമാകും. ഇത് കടലിലെ പ്രകാശസംശ്ലേഷണത്തിന്റെ തോത് ഗണ്യമായി കുറയുന്നതിനും അതിലൂടെ പ്രാഥമിക ഉല്പാദനം കുറയുകയും ചെയ്യുന്നു. കടലിലെ പ്രാഥമിക ഉല്പാദനമാണ് സകല ജന്തുജാലങ്ങളുടെയും നിലനിൽപ്പിനുള്ള ആധാരം. അതിനാൽ കടൽവെള്ളത്തിലെ കലക്കൽ മൂലം മത്സ്യലഭ്യത നന്നേ കുറയുന്നതിന് കാരണമാകുന്നു.

കടൽ ഖനനത്തിനെതിരെ സംസ്ഥാന ഫിഷറീസ് വകുപ്പിനുള്ള ആശങ്കയും എതിർപ്പും കേന്ദ്ര മൈനിംഗ് ഡയറക്ടറെയും, കേന്ദ്ര ഖനനവകുപ്പ് മന്ത്രിയെയും, കേന്ദ്ര ഫിഷറീസ് വകുപ്പ് മന്ത്രിയെയും രേഖാമൂലം അറിയിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തിന്റെ ആശങ്കകൾക്ക് അടിസ്ഥാനമാകുന്ന വിവിധ ഘടകങ്ങളെ ബന്ധപ്പെടുത്തി പ്രസ്തുത ആഴക്കടൽ മണൽ ഖനനമെന്ന പ്രൊജക്റ്റ് പൂർണ്ണമായും ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് വിശദമായ കത്ത് 13.02.2025 ൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കേന്ദ്ര ഖനി സെക്രട്ടറിക്കു അയക്കുകയും ചെയ്തിട്ടുള്ളതാണ്.

| | | | |
|---|---|---|---|
| | | | കൂടാതെ കേരളത്തിന്റെ സമ്പദ്ഘടനയെയും പാരിസ്ഥിതിക സന്തുലനത്തെയും പ്രതികൂലമായി ബാധിക്കുന്ന ആഴക്കടൽ ധാതുഖനനം ഉടൻ ഉപേക്ഷിക്കണമെന്നു കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടുകൊണ്ട് ബഹു. കേരള മുഖ്യമന്ത്രി 04.03.2025-ൽ കേരള നിയമസഭയിൽ അവതരിപ്പിച്ച പ്രമേയം ഏകകണ്ഠമായി പാസാക്കിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ